പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3035

19-06-2018-ലെ മറുപടിയ്ക്ക്

## കൃഷി പ്രോത്സാഹന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷിയുടെ പ്രോത്സാഹനത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതികൾ തികച്ചും അനാകർഷകവും തുച്ഛവുമാണെന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) വിവിധ കാർഷിക പദ്ധതികൾക്ക് ആകർഷകമായ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. |
| (ബി) ഇത്തരം സമീപനം പുതിയ തലമുറയ്ക്ക് കൃഷിയോട് അവമതിപ്പുണ്ടാക്കു-മെന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | |
| (സി) കാർഷിക വൃത്തിയെ ഗുണമേന്മ കുറഞ്ഞ തൊഴിലായി കാണുന്ന പൊതുബോധം ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന ക്രിയാത്മക നടപടികൾ വെളിപ്പെടുത്തുമോ? | (സി) കാർഷികവൃത്തിയെ ഗുണമേന്മ കുറഞ്ഞ തൊഴിലായി കണക്കാക്കുന്നില്ല. സുരക്ഷിത ഭക്ഷണം ആരോഗ്യത്തിന് ആവശ്യമാണ് എന്ന ബോധം ജനങ്ങളെ കൃഷിയിലേയ്ക്കും, പ്രത്യേകിച്ച് പച്ചക്കറികൃഷി, ജൈവകൃഷി മേഖലകളിലേയ്ക്ക് ആകർഷിച്ചിട്ടുണ്ട്. കൂടാതെ മട്ടുപ്പാവ് കൃഷിരീതികളും ഹൈടെക് കൃഷിരീതികളും ഉപയോഗിച്ച് കൃഷി ആദായകരമായി ചെയ്യാമെന്നത് യുവജനങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നു. കാർഷികോത്പന്നങ്ങളുടെ വിപണനത്തിലും, സംസ്കരണ മൂല്യവർദ്ധന മേഖലകളിലും കൃഷി വകുപ്പിന്റെ ഇടപെടൽ മുഖേന കൂടുതൽ വില ലഭിക്കുന്നതിന് സഹായിക്കുന്നതോടൊപ്പം, കർഷകരെ സംരംഭകരാക്കി മാറ്റുന്നതിനും സാധിക്കുന്നു. ഇത്തരത്തിൽ സമൂഹത്തിൽ കർഷകർക്ക് സാമ്പത്തികവും സാമൂഹികവുമായ മാന്യത ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ